**തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടറ്റ (റൂറൽ)ടെ നടപടിക്രമം**

(ഹാജർ : Dr. Dinesan Cheruvat IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – 2025 ഓൺലൈൻ പൊതു സ്ഥലംമാറ്റം - ടൈപ്പിസ്റ്റ് - ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ സോഫ്റ്റ് വെയറിൽ വന്ന അനോമലി പരിഹരിച്ച് - സ്ഥലമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ . LSGD/PD/19218/2025-DEE6-Part(1) തീയതി:02-08-2025

പരാമർശം:
1) ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ 15.07.2025 തീയതിയിലെ സമർപ്പണം
2) തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 12.07.2025 തീയതിയിലെ LSGD/PD/20620/2025- DEB6 ഉത്തരവ്
3) സർക്കാർ ഉത്തരവ് സ.ഉ(കൈ)നം.46/2024/LSGD തീയതി 16-03-2024

**ഉത്തരവ്**

ടൈപ്പിസ്റ്റുമാരുടെ 2025 വർഷത്തെ പൊതു സ്ഥലംമാറ്റം ഓൺലൈനായി പരാമർശം (2) പ്രകാരം നടപ്പാക്കിയിരുന്നു. എന്നാൽ പ്രസിദ്ധീകരിച്ച ഫൈനൽ ലിസ്റ്റിൽ അപാകതയുള്ളതായി പരാമർശം (1) പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാർ ആക്ഷേപം സമർപ്പിച്ചിരുന്നതും ആയതിൽ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടത്തുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ സെക്ഷൻ 3(F) പ്രകാരം ഹോം ജില്ലയ്ക്ക് പുറത്ത് ജോലി ചെയ്ത് മൂന്ന് വർഷത്തെ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റിയുള്ള ജീവനക്കാരനും മുൻഗണനാർഹമായ പട്ടികയിൽ ഉൾപ്പെട്ട നിശ്ചിത ശതമാനം ജീവനക്കാർക്കും ഹോം ജില്ലയിലേക്ക് തിരികെ വരുന്നതിന് ഓപ്പൺ ഒഴിവുകൾ തികയാത്ത പക്ഷം ആ ജില്ലയ്ക്കകത്ത് ടി തസ്തികയിൽ മൂന്ന് വർഷത്തിൽ അധികം ഏറ്റവും കൂടുതൽ കാലം ഇൻസ്റ്റേഷൻ സീനിയോരിറ്റിയുള്ള ജീവനക്കാരനെ ജില്ലയ്ക്ക് പുറത്തേക്ക് സ്ഥലം മാറ്റുന്നതാണ് എന്നാണ് പരാമർശിച്ചിട്ടുള്ളതെന്നും, ടൈപ്പിസ്റ്റുമാരുടെ 2025 ഓൺലൈൻ പൊതു സ്ഥലംമാറ്റം കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ ടി മാനദണ്ഡം പാലിച്ചിരുന്നെന്നും എന്നാൽ പരാമർശം (2) പ്രകാരം അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ സോഫ്റ്റ് വെയറിലെ അപാകത കാരണം പരാമർശം (3) ഉത്തരവിന് വിരുദ്ധമായി ജൂനിയർ ആയ ടൈപ്പിസ്റ്റുമാരെ ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റം നൽകിയെന്നും, മാനദണ്ഡങ്ങൾ പ്രകാരം ജില്ലയിൽ തന്നെ സ്ഥലംമാറ്റം ലഭിക്കേണ്ടതായിരുന്നുവെന്നും, ആയതിനാൽ സോഫ്റ്റ് വെയറിലെ തകരാറ് പരിഹരിച്ച് പുതിയ സ്ഥലമാറ്റ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെ ഈ ഓഫീസിൽ തുടരാൻ അനുവദിക്കണമെന്നും അപാകതകൾ പരിഹരിച്ച് ജില്ലയിൽ തന്നെ ഓപ്ഷനിലുള്ള ഏതെങ്കിലും സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു.

ജീവനക്കാരുടെ അപേക്ഷ പരിശോധിച്ചതിൽ ടി ജീവനക്കാരുടെ ഓപ്ഷനിൽ/ജില്ലയിൽ ടൈപ്പിസ്റ്റ് ഒഴിവുകൾ നിലനിലനിൽക്കെ ജില്ലക്ക് പുറത്ത് സ്ഥലമാറ്റം നല്കിയിട്ടുള്ളതായി കാണുന്നു. മേൽ സാഹചര്യത്തിൽ പരാമർശം 3 ഉത്തരവിന് വിരുദ്ധമായി ജില്ലയ്ക്ക് പുറത്തു സ്ഥലമാറ്റം ലഭിച്ചിട്ടുള്ള ചുവടെ പട്ടികയിൽ പറയുന്ന ജീവനക്കാരെ ടി ജീവനക്കാരുടെ ഓപ്ഷനിൽ/ജില്ലയിൽ ഒഴിവുള്ള കാര്യാലയങ്ങളിൽ സ്ഥലമാറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, നിലവിലെ ഓഫീസ് | സ്ഥലംമാറ്റം നൽകി നിയമിക്കപ്പെടുന്ന ഓഫീസ് |
|---|---|---|
| 1. | സെബാസ്റ്റ്യൻ ജോൺ<br>അടൂർ നഗരസഭ | ജില്ലാ ജോയിന്റ് ഡയറക്ടറുടെ<br>കാര്യാലയം, തിരുവനന്തപുരം |
| | | |

| | | |
|---|---|---|
| 2. | സന്ധ്യ രാജ് ഡി ജി<br>LID & EW സബ്ബ് ഡിവിഷൻ, മല്ലപ്പള്ളി | തിരുവനന്തപുരം കോർപ്പറേഷൻ. |
| 3. | ആശ വി<br>ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയയം, പത്തനംതിട്ട | തിരുവനന്തപുരം കോർപ്പറേഷൻ. |
| 4. | വീണ റാണി<br>റാന്നി ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. |
| 5. | ശ്രീജ ജെ<br>LID & EW സബ്ബ് ഡിവിഷൻ, ഈരാറ്റുപേട്ട | തിരുവനന്തപുരം കോർപ്പറേഷൻ. |
| 6. | മുത്തു മോൾ എസ്<br>ചെർപ്പുളശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, ആലപ്പുഴ. |
| 7. | സിന്ധു കെ,<br>ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, മലപ്പുറം. | കണ്ണൂർ കോർപ്പറേഷൻ |
| 8. | നൂർജഹാൻ കെ<br>LID & EW സബ്ബ് ഡിവിഷൻ, തൂണേരി | തലശ്ശേരി നഗരസഭ |
| 9. | രോഹിണി എം കെ<br>പാനൂർ ബ്ലോക്ക് പഞ്ചായത്ത് | കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് |
| 10. | അനിത പി,<br>പെരിന്തൽമണ്ണ നഗരസഭ | ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കണ്ണൂർ |

ടി ജീവനക്കാരുടെ ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ / ഓഫീസുകളിലെ നിയമനം 2025 വർഷത്തെ പൊതുസ്ഥലംമാറ്റ അന്തിമ കൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള സ്ഥലംമാറ്റത്തിന്മേൽ ജീവനക്കാർ സർക്കാരിൽ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷ പരിശോധിച്ച് അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതിലേക്കായി പുന:പരിശോധിക്കുന്നതായിരിക്കും. പുന:പരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് ടിയാളുകളെ സ്ഥലംമാറ്റേണ്ടുന്നതായി കാണുന്ന പക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ടി ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

ഇത്തരത്തിൽ പുന:പരിശോധനയുടെ ഭാഗമായി സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ, അതേ സ്റ്റേഷനിൽ തന്നെ തുടരുന്നതിനുള്ള അപേക്ഷകളും അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതും, ജീവനക്കാരുടെ വിടുതൽ / പ്രവേശനം എന്നിവ സംബന്ധിച്ച വിവരം ഈ കാര്യാലയത്തെയും ബന്ധപ്പെട്ട മറ്റ ഓഫീസുകളെയും യഥാസമയം അറിയിക്കേണ്ടതുമാണ്.

ജീവനക്കാരുടെ വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നീ നടപടികൾ അതത് ഓഫീസ് മേധാവിമാർ ജനറൽ ട്രാൻസ്ഫർ വെബ്സൈറ്റ് മുഖാന്തിരം ഓൺലൈനായി മാത്രമെ നടപ്പിലാക്കുവാൻ പാടുള്ളൂ. ആയത് നടപ്പിലാക്കുന്നുവെന്ന് അതത് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

Signed by
Dinesan Cheruvat
Date: 02-08-2025 19:39:52

Dr. Dinesan Cheruvat IAS
DIRECTOR (RURAL)

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖാന്തിരം)

പകർപ്പ്1. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,

: തിരുവനന്തപുരം/ആലപ്പുഴ/പത്തനംതിട്ട/മലപ്പുറം/പാലക്കാട്/കോഴിക്കോട്/കണ്ണൂർ/കാസറഗോഡ

2. ബന്ധപ്പെട്ട നിയന്ത്രണാധികാരികൾക്ക് (അതത് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം മുഖാന്തിരം).
3. സൂപ്രണ്ട്, DED. IT സെക്ഷൻ.
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി.